# പതിമൂന്നാം കേരളനിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3721

19.02.2013-ൽ മറുപടിയ്ക്ക്

## പരിസ്ഥിതി ദുർബല മേഖലയുടെ സംരക്ഷണത്തിന് വന്യജീവി ബോർഡിന്റെ തീരുമാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ഗുരുദാസൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവി സങ്കേതങ്ങളുടെ അതിർത്തികളിൽ പരിസ്ഥിതി ദുർബല മേഖലയുടെ സംരക്ഷണത്തിനായി ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന വന്യജീവി ബോർഡ് യോഗം ചർച്ച ചെയ്തിട്ടുണ്ടോ; | (എ) വന്യജീവി സങ്കേതങ്ങൾക്കു ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനായി ബഹു. സുപ്രീം കോടതിയുടേയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റേയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഈ വിഷയം സംസ്ഥാന വന്യജീവി ബോർഡ് യോഗം ചർച്ച ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ചർച്ചചെയ്ത് തീരുമാനിച്ച കാര്യങ്ങൾ സർക്കാരിനെ ഔദ്യോഗികമായി അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) അറിയിച്ചിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതം, കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയൊഴികെയുള്ള സംരക്ഷിത പ്രദേശങ്ങളിൽ പാരിസ്ഥിതിക സംവേദക മേഖലകൾരൂപീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഇതിനോട് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണ്; വ്യക്തമാക്കുമോ? | (സി) വന്യജീവി സംരക്ഷണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഓരോ പ്രദേശങ്ങളുടേയും പ്രത്യേകതകൾക്കനുസരണമായി പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിലേക്ക് നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.